അങ്കമാലി നിയോജക മണ്ഡലത്തിലെ മൂക്കന്നൂർ പഞ്ചായത്തിലെ കെ.എസ്.ഇ.ബി.യുടെ ഒരു കളക്ഷൻ സെന്റർ ആരംഭിക്കുന്നതിനായി സമർപ്പിച്ചിരുന്ന അപേക്ഷയിൽ എന്ത് നടപടി സ്വീകരിച്ചെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>കൊച്ചി മെട്രോ റെയിൽപദ്ധതിയുടെ വിശദാംശം</u>

442 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
'' ബെന്നി ബെഹനാൻ
'' അൻവർ സാദത്ത്
'' ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ**

(എ) കൊച്ചി മെട്രോ റയിൽവേ നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) അതിനുള്ള തുക എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) പദ്ധതിയുടെ അന്തിമരൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) റെയിൽപാതയുടെ അലൈൻമെന്റ്, സ്റ്റേഷനുകൾ, പാർക്കിംഗ് സൗകര്യങ്ങൾ എന്നിവയെ ക്കുറിച്ച് തീരുമാനമെടുത്തിട്ടുണ്ടോ;

(ഇ) ഈ പദ്ധതിയുടെ നടത്തിപ്പ് ചുമതല ആർക്കാണ്, വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(എഫ്) ഏത് സാങ്കേതിക വിദ്യയാണ് പദ്ധതിക്ക് വേണ്ടി പ്രയോജനപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

കൊച്ചി മെട്രോ നിർമ്മാണ പദ്ധതിയിൽ
ചീഫ് സെക്രട്ടറിയുടെ പ്രവർത്തനം

443 ശ്രീ. എം. എ. ബേബി
,, എസ്. ശർമ്മ
,, സാജു പോൾ
,, എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ നിർമ്മാണം ഡി.എം.ആർ.സിയെ ഏല്പിക്കണമെന്ന കാബിനറ്റ് തീരുമാനത്തിനുശേഷം അന്നത്തെ ചീഫ് സെക്രട്ടറി പദ്ധതി നടപ്പാക്കാൻ ഏതെല്ലാം സ്ഥാപനങ്ങളുമായി ചർച്ച നടത്തിയെന്നും അവയുടെ വിശദാംശങ്ങളും വ്യക്തമാക്കുമോ ;

(ബി) ചർച്ച സംബന്ധിച്ച് മലേഷ്യൻ സർക്കാരോ കമ്പനി അധികാരികളോ എന്തെങ്കിലും പ്രസ്താവന നടത്തിയിട്ടുണ്ടോ ; എങ്കിൽ അത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സർക്കാർ തീരുമാനത്തിന് വിരുദ്ധമായി അന്നത്തെ ചീഫ് സെക്രട്ടറി ചർച്ച നടത്തിയത് സർക്കാരിന്റെ അറിവോടുകൂടിയാണോ ;

(ഡി) ആൾ ഇൻഡ്യാ സർവ്വീസ് ഉദ്യോഗസ്ഥർക്ക് വിദേശ സന്ദർശനം നടത്തുന്നതിന് നിശ്ചിത ഫോറത്തിൽ സർക്കാരിന് അപേക്ഷ സമർപ്പിക്കണമെന്ന വ്യവസ്ഥ ഈ ഉദ്യോഗസ്ഥൻ പാലിച്ചിരുന്നോ ;

(ഇ) എങ്കിൽ ആ അപേക്ഷയുടെ പകർപ്പും സർക്കാർ ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കാമോ ;

(എഫ്) അനുവാദമില്ലാതെയാണ് പോയതെങ്കിൽ ഈ ഉദ്യോഗസ്ഥനോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 11.12.2012-ലെ മറുപടിക്ക്

കൊച്ചി മെട്രോ പദ്ധതി

444 ശ്രീ. ജി. സുധാകരൻ
,, രാജു എബ്രഹാം
,, കെ. സുരേഷ് കുറുപ്പ്
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ പദ്ധതി ഡി.എം.ആർ.സി.ക്ക് നൽകാൻ സർക്കാർ തീരുമാനിച്ചതിനുശേഷമോ അതിനുമുൻപോ കൊച്ചി മെട്രോ കമ്പനിയുടെ അന്നത്തെ എം.ഡി നിർമ്മാണ പ്രവർത്തനം ഏറ്റെടുക്കണമെന്നാവശ്യപ്പെട്ട് ബാംഗ്ലൂർ മെട്രോ റെയിൽ കോർപ്പറേഷൻ എം.ഡി.ക്ക് കത്ത് എഴുതിയിരുന്നോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് ബാംഗ്ലൂർ മെട്രോ എം.ഡി. യുടെ പ്രതികരണം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(സി) കത്തെഴുതിയത് സർക്കാരിന്റെയോ കെ.എം.ആർ.എല്ലിന്റെയോ അറിവോടെയായിരുന്നോ എന്ന് വ്യക്തമാക്കുമോ ;

(ഡി) കൊച്ചി മെട്രോ നിർമ്മാണ ചർച്ചകൾക്കായി മുൻ എം.ഡി ബാംഗ്ലൂരിലും സിംഗപ്പൂരിലും പോയി ചർച്ച നടത്തിയത് സർക്കാർ അറിവോടു കൂടിയാണോ ; അല്ലെങ്കിൽ ഈ ഉദ്യോഗസ്ഥനെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഇ) ഈ ഉദ്യോഗസ്ഥന്റെ സിംഗപ്പൂർ യാത്രയ്ക്ക് നിശ്ചിത ഫോറത്തിൽ അപേക്ഷ നൽകിയിരുന്നോ ; എങ്കിൽ അതിന്റെ പകർപ്പും സർക്കാർ ഉത്തരവിന്റെ കോപ്പിയും ലഭ്യമാക്കാമോ ?

# കേരള നിയമസഭ
# 11.12.2012-ലെ മറുപടിക്ക്

കൊച്ചി മെട്രോ നിർമ്മാണം

T 445 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ നിർമ്മാണം ഏറ്റെടുത്ത് കഴിഞ്ഞതായി ഡി.എം.ആർ.സിയുടെ 2010-11 ലെ വാർഷിക റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഡി.എം.ആർ.സി യുടെ 2010-11 വാർഷിക റിപ്പോർട്ടിന്റെ 41-ാം പേജിൽ 26 -ാം സൂചികയിൽ ഇതു സംബന്ധമായി എന്താണ് പരാമർശിച്ചിട്ടുള്ളത്;

(സി) 2012 ഒക്ടോബർ 15 ന് ചേർന്ന ഡി.എം.ആർ.സി ബോർഡ് യോഗത്തിൽ കേന്ദ്ര നഗരവികസന സെക്രട്ടറി തടസ്സവാദമുന്നയിച്ച വിവരം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ വാർഷിക റിപ്പോർട്ടിനെ അടിസ്ഥാനമാക്കി നിലപാട് വ്യക്തമാക്കാൻ ഡി.എം.ആർ.സി യോട് സംസ്ഥാന സർക്കാർ ആവശ്യപ്പെടുകയുണ്ടായോ എന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>കൊച്ചിമെട്രോ, അതിവേഗ കോറിഡോർ, തിരുവനന്തപുരം, കോഴിക്കോട് മോണോറെയിൽ പദ്ധതികൾ</u>

446 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കൊച്ചിമെട്രോ, അതിവേഗ റെയിൽ കോറിഡോർ, തിരുവനന്തപുരം, കോഴിക്കോട് മോണോ റെയിൽ എന്നീ പദ്ധതികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 11.12.2012-ലെ മറുപടിക്ക്

കൊല്ലങ്കോട് - തൃശ്ശൂർ റെയിൽവെ ലൈൻ
ആരംഭിക്കുന്നതിന് സർവ്വെ

447 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലങ്കോട് - തൃശ്ശൂർ റെയിൽവെ ലൈനിന്റെ സർവ്വെ ഏത് ഘട്ടംവരെ ആയെന്ന് വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) സർവ്വെ എന്ന് പൂർത്തിയാക്കുമെന്നും, ഇതിനായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാം വിശദമാക്കുമോ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>റെയിൽവേ സ്റ്റേഷനുകളുടെ നിലവാരം ഉയർത്തൽ</u>

448 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം റെയിൽവേ സ്റ്റേഷനുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഏതിനെല്ലാമാണ് അനുമതി ലഭിച്ചതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>കൊച്ചുവേളി റെയിൽവേ ടെർമിനൽ</u>

449 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചുവേളി റെയിൽവേ ടെർമിനലിന്റെ നിർമ്മാണ പ്രവൃത്തി ഇഴഞ്ഞുനീങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ടെർമിനലിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ തുക അടുത്ത ബഡ്ജറ്റിൽ നീക്കിവെയ്ക്കുന്നതിനായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

റെയിൽ മേൽപ്പാല ബ്രിഡ്ജ് നിർമ്മാണം

450 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കോട്ടിക്കുളം റെയിൽവേ സ്റ്റേഷനു സമീപം റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിന് 0.4739 ഹെക്ടർ ഭൂമി 4.8.2010 ന് റെയിൽവേയ്ക്ക് കൈമാറിയിട്ടുള്ള കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇവിടെ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് റെയിൽവേ ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) പദ്ധതി നടപ്പിൽ വരത്തുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

പൊള്ളാച്ചി -പാലക്കാട് റെയിൽവെ ലൈൻ ഗേജ്മാറ്റം

451 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊള്ളാച്ചി-പാലക്കാട് റെയിൽവെ ലൈൻ ഗേജ് മാറ്റം നാളിതുവരെ പൂർത്തിയാക്കാൻ കഴിയാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഈ ഗേജ്മാറ്റം സംബന്ധിച്ച നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ;

(സി) ഈ പ്രവൃത്തി എന്ന് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

ട്രെയിൻ ബോഗികളുടെ ഗുണനിലവാരമില്ലായ്മ

452 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്നും സർവ്വീസ് നടത്തുന്ന ട്രെയിനുകളിലെ ബോഗികളുടെ ഗുണനിലവാരമില്ലായ്മ ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ടോ ;

(ബി) സംസ്ഥാനത്തുനിന്നും റിപ്പയറിംഗിനായി കൊണ്ടുപോകുന്ന ബോഗികൾക്ക് പകരമായി പഴയ ബോഗികളാണ് തിരികെയെത്തിക്കുന്നതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ബോഗികളുടെ റിപ്പയറിംഗിന് സംസ്ഥാനത്ത് എവിടെയൊക്കെ സൗകര്യം ഒരുക്കിയിട്ടുണ്ട് ;

(ഡി) സംസ്ഥാനത്തുനിന്നും റിപ്പയറിംഗിനായി കൊണ്ടുപോകുന്ന ബോഗികൾ തന്നെ തിരികെ ലഭിക്കുന്നു എന്നു ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിക്കുമോ ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>കായംകുളം റെയിൽവേ സ്റ്റേഷനിൽ ജലദൗർലഭ്യം</u>

453 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം റെയിൽവേസ്റ്റേഷനിലെ ജലദൗർലഭ്യം മൂലം ശൗചാലയങ്ങൾ അടച്ച് പൂട്ടിയിട്ടുള്ളതും കുടിവെള്ളലഭ്യത തടസ്സപ്പെട്ടിട്ടുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കാനാവശ്യമായ നടപടിയുണ്ടാകാൻ ശക്തമായ ഇടപെടൽ നടത്തുമോ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>കാവലില്ലാ ലവൽക്രോസുകളിൽ അപകടങ്ങൾ</u>

454 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാവൽ ഇല്ലാ ലവൽക്രോസുകളിൽ ഉണ്ടായ അപകടങ്ങളിൽ മരണപ്പെട്ടവർക്കും, പരിക്കേറ്റവർക്കും റയിൽവെയിൽ നിന്നും അർഹമായ സഹായങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) അരൂരിലെ കാവലില്ലാ ലെവൽക്രോസിൽ ട്രെയിൻ കാറിലിടിച്ച് മരണപ്പെട്ടവർ ആരൊക്കെയാണ്; മരിച്ചവരുടെ കുടുംബങ്ങൾക്ക് ഇതിനകം റയിൽവേ എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കിയിട്ടുളളത്;

(സി) സംസ്ഥാനത്തെ റെയിൽവേ ലവൽക്രോസുകളിൽ വച്ചുണ്ടാകുന്ന അപകടങ്ങളിൽ ഇതിനകം മരണപ്പെടുകയും പരിക്ക് പറ്റുകയും ചെയ്തവർ എത്ര; കണക്കുകൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>പാലക്കാട് കോച്ച് ഫാക്ടറി യാഥാര്‍ത്ഥ്യമാക്കാന്‍ നടപടി</u>

455

ശ്രീ. കെ. കെ. നാരായണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പാലക്കാട് കോച്ച് ഫാക്ടറിക്കൊപ്പം അനുവദിച്ച റായ്ബറേലിയിലെ ഫാക്ടറി ഉദ്ഘാടനം കഴിഞ്ഞ് ആദ്യ കോച്ച് പുറത്തിറങ്ങിയിട്ടും പാലക്കാട് കോച്ച് ഫാക്ടറിയുടെ പ്രവര്‍ത്തനം ആരംഭിക്കാന്‍ കഴിയാത്തത് ഗൗരവമായി കാണുന്നുണ്ടോ;

(ബി) ഫാക്ടറിയുടെ പ്രവര്‍ത്തനം യാഥാര്‍ത്ഥ്യമാക്കാന്‍ സത്വര നടപടികള്‍ കൈക്കൊള്ളുമോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

റെയിൽവേ വികസനത്തിന് നോഡൽ ഓഫീസ്

456 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കേരളത്തിലെ റെയിൽവേ നിർമ്മാണ ജോലികളുടെയും പദ്ധതികളുടെയും പുരോഗതി വിലയിരുത്തുവാനും സംസ്ഥാന സർക്കാർ സ്വീകരിക്കേണ്ട കാര്യങ്ങൾ ഏകോപിപ്പിക്കുവാനുവേണ്ടി ഒരു നോഡൽ ഓഫീസ് തുറക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>എറണാകുളം - കായംകുളം പാത ഇരട്ടിപ്പിക്കല്‍</u>

457 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എറണാകുളം-കായംകുളം പാത ഇരട്ടിപ്പിക്കല്‍ പതിറ്റാണ്ടായി ഇഴഞ്ഞു നീങ്ങുന്നത് ശ്രദ്ധില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) കോട്ടയം വഴിയും ആലപ്പുഴ വഴിയുമുള്ള പാത ഇരട്ടിപ്പിക്കല്‍ നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; പലയിടങ്ങളിലും സ്ഥലം ഏറ്റെടുക്കുന്ന നടപടി പോലും ഉണ്ടായിട്ടില്ലായെന്ന കാര്യം ഗൗരവമായി പരിശോധിച്ചിട്ടുണ്ടോ ;

(സി) സ്ഥലമെടുപ്പിലെ കാലതാഗസം ഒഴിവാക്കാന്‍ ഫാസ്റ്റ് ട്രാക്ക് സംവിധാനം പുനസ്ഥാപിക്കാന്‍ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

ദേവധാർ മേൽപ്പാലം

458 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താനൂരിലെ ദേവധാർ മേൽപ്പാലം പണി പൂർത്തിയാകുകയും റെയിൽവേ ഗേറ്റ് അടയ്ക്കുകയും ചെയ്യുന്നതോടെ ദേവധാർ ഹയർ സെക്കണ്ടറിസ്ക്കൂളിലെ കുട്ടികൾക്കുണ്ടാകുന്ന യാത്രാ ക്ലേശം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) നിരന്തരം തീവണ്ടി തട്ടി അപകടമുണ്ടാകുന്ന ഇവിടെ ഒരു ഫൂട്ട് ഓവർ ബ്രിഡ്ജോ അണ്ടർ പാത്ത്‌വേയോ പണിയുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി. സി യുടെ പ്രവർത്തനം

459 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, സി. പി. മുഹമ്മദ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി.റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കെ. എസ്. ആർ. ടി.സിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) എത്ര പുതിയ ബസ്സുകൾ നിരത്തിലിറക്കുകയും എത്ര പുതിയ ബസ്സുകൾക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്;

(സി) വിവിധ ബസ് ടെർമിനലുകളുടെ പ്രവൃത്തികളിൽ എത്രമാത്രം പുരോഗതി നേടിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഏതെല്ലാം തരത്തിലുള്ള പുതിയ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>പുതിയ ബസ് റൂട്ട് അനുവദിക്കുന്നതിനുള്ള മാർഗ്ഗ രേഖകൾ</u>

460 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി ഓരോ വർഷവും വാങ്ങുന്ന ബസ്സുകളുടെ എണ്ണവും അതിനുവേണ്ടി ചെലവഴിക്കുന്ന തുകയുടെ വിവരവും ലഭ്യമാക്കുമോ;

(ബി) ഒരു ബസ് കണ്ടം ചെയ്യുന്നതിനുള്ള കാലാവധി എത്ര; കാലാവധി കഴിഞ്ഞ ബസ്സുകൾ നിരത്തിലൂടെ ഓടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കാലാകാലങ്ങളിൽ പുതിയ ബസ് വാങ്ങിയിട്ടും ഗ്രാമപ്രദേശങ്ങളിലെ ബൈറൂട്ടുകളിൽ ഓടിക്കുന്നതിന് വേണ്ടത്ര ബസ്സുകൾ ഇല്ലെന്നുളള ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) പുതിയ ബസ് റൂട്ട് അനുവദിക്കുന്നതിനുള്ള മാർഗ്ഗ രേഖകൾ എന്താണ്; വിശദമാക്കുമോ?

# കേരള നിയമസഭ
# 11.12.2012-ലെ മറുപടിക്ക്

ബസ്സുകൾക്ക് പുതിയ റൂട്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

461 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് പുതിയ റൂട്ട് അനുവദിക്കാൻ നിലവിലുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പാലക്കാട് ജില്ലയിലെ ഏതെല്ലാം മണ്ഡലങ്ങളിലാണ് പുതിയ ബസ്സുകൾ അനുവദിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>പുതിയ ബസ് സർവ്വീസുകൾ</u>

462 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ ബസ്സ് സർവ്വീസുകളാണ് ആരംഭിച്ചിട്ടുളളത്;

(ബി) എത്ര പുതിയ ബസ്സുകളാണ് വാങ്ങിയിട്ടുളളത്; ഏതെല്ലാം കെ.എസ്.ആർ.ടി.സി. ഡിപ്പോയിലാണ് ബസ് ബോഡി നിർമ്മാണം നടക്കുന്നത്; ഇനി ബോഡി നിർമ്മിക്കാൻ എത്രയെണ്ണം അവശേഷിക്കുന്നുണ്ട്?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. ലോ ഫ്ളോർ ബസ്സുകൾ

463 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഇതുവരെ എത്ര ലോ ഫ്ളോർ (എ.സി. & നോൺ എ.സി. തിരിച്ച്) ബസുകൾ വാങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ലോ ഫ്ളോർ ബസുകൾ വാങ്ങുന്നതിന് എത്ര ശതമാനം തുകയാണ് കേന്ദ്രധനസഹായമായി ലഭിക്കുന്നത്;

(സി) സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന ലോ ഫ്ളോർ ബസുകളിൽ എത്ര ബസുകളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) അന്തർ ജില്ലാ തലങ്ങളിലേക്ക് സർവ്വീസ് നീട്ടിയ ലോ ഫ്ളോർ ബസുകളെല്ലാം ലാഭകരമാണോ എന്നും ഇതിൽ ഏറ്റവും കൂടുതൽ കളക്ഷൻ ഏത് റൂട്ടിലാണ് ലഭിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ഇ) നഷ്ടത്തിൽ സർവ്വീസ് നടത്തുന്ന ലോ ഫ്ളോർ ബസുകൾ ലാഭത്തിലാക്കുന്നതിന് കൂടുതൽ അന്തർ ജില്ലാ ബസ് സർവ്വീസുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(എഫ്) ലോ ഫ്ളോർ ബസ് സർവ്വീസ് പുതുതായി തുടങ്ങിയ കോട്ടയം-എറണാകുളം റൂട്ടിൽ കൂടുതൽ ബസുകൾ അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം

464 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.റ്റി.ഡി.എഫ്.സി അങ്കമാലിയിൽ ബി.ഒ.ടി. അടിസ്ഥാനത്തിൽ പൈലറ്റ് പ്രോജക്ട് ആയി നിർമ്മിച്ചിട്ടുള്ള കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിലെ എത്ര മുറികൾ ലേലത്തിൽ പോയിട്ടുണ്ട്;

(ബി) ഇത് ആരെല്ലാമാണ് ലേലത്തിൽ എടുത്തിരിക്കുന്നത്; ഇതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) എത്ര മുറികളാണ് ഇനി ലേലത്തിൽ പോകാനുള്ളത്;

(ഡി) പ്രസ്തുത മുറികളുടെ ലേലത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>ടൗൺ ടു ടൗൺ ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കാൻ നടപടി</u>

465 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ ബത്തേരി-കോഴിക്കോട് റൂട്ടിൽ ഓടിക്കുന്ന ടൗൺ ടു ടൗൺ ബസ്സുകൾക്ക് പഴയ വൈത്തിരിയിൽ സ്റ്റോപ്പ് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ ആരെല്ലാമാണ് നിവേദനം നൽകിയിട്ടുള്ളത്;

(സി) പ്രസ്തുത നിവേദനങ്ങൾ സംബന്ധിച്ച് ഏതെല്ലാം ഓഫീസുകളിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത ബസ്സുകൾക്ക് പഴയ വൈത്തിരിയിൽ സ്റ്റോപ്പ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

കെ. എസ്. ആർ. ടി. സിയുടെ പ്രവർത്തനം

466 ഡോ. ടി. എം. തോമസ് ഐസക്ക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി യിൽ മൊത്തം ബസ്സുകൾ എത്രയാണ്; ഇവയിൽ ഇപ്പോൾ സർവ്വീസ് നടത്തുന്നവ എത്ര; നടത്താത്തവ എത്ര;

(ബി) ചാർജ്ജ് വർദ്ധനക്ക് മുൻപത്തെ വരവും ചെലവും എത്ര; ഇപ്പോഴത്തെ പ്രതിദിന വരവ് എത്ര; പ്രതിദിന ചെലവ് എത്ര;

(സി) കെ. എസ്. ആർ. ടി. സി യിലെ ആകെ ജീവനക്കാർ എത്ര; താത്കാലിക ജീവനക്കാരെത്ര; റിട്ടയർ ചെയ്തവരിൽ ജീവിച്ചിരിപ്പുളളവർ എത്ര;

(ഡി) ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നതിന് പ്രതിമാസ ചെലവ് എത്രയെന്നും പെൻഷൻ നൽകുന്നതിന് പ്രതി മാസ ചെലവ് എത്രയെന്നും വ്യക്തമാക്കുമോ;

(ഇ) ഡീസൽ ഉപഭോഗം പ്രതിമാസ ശരാശരി എത്രയാണ്;

(എഫ്) കെ.എസ്.ആർ.ടി.സി. യിൽ മൊത്തം ഷെഡ്യൂളുകൾ എത്ര ; റദ്ദാക്കപ്പെട്ട ഷെഡ്യൂളുകൾ എത്ര;

(ജി) ഇവിടെ നിലവിൽ എത്ര തസ്തികകൾ ഉണ്ട് എന്നും അവയിലെ ഒഴിവുകൾ എത്രയെന്നും ഏതെല്ലാം തസ്തികകളിൽ എന്നും വ്യക്തമാക്കുമോ;

(എച്ച്) കഴിഞ്ഞ രണ്ടു വർഷം സർക്കാർ കെ.എസ്. ആർ. ടി. സി. ക്ക് നൽകിയ മൂലധന നിക്ഷേപം എത്രയെന്നും ഒരു ബസ് സർവ്വീസ് നടത്തുന്നതിനു വേണ്ടിവരുന്ന മൊത്തം ചെലവ് എത്രയെന്നും ശരാശരി വരവ് എത്രയെന്നും വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**11.12.2012-ലെ മറുപടിക്ക്**

<u>ബസ് ചാർജജ് വർദ്ധനവ്</u>

467 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബസ് ചാർജ്ജ് വർദ്ധനവിനിടയിൽ ഉണ്ടായിട്ടുള്ള അശാസ്ത്രീയമായ ഫെയർസ്റ്റേജ് നിർണ്ണയത്തിന്മേലുള്ള പരാതികൾ പരിഹരിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ആയത് പരിശോധിക്കുന്നതിന് ഒരു ഉന്നതതല ഔദ്യോഗിക സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**11.12.2012-ലെ മറുപടിക്ക്**

ബസ് ചാർജ്ജ് വർദ്ധനവ്

468 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബസ് ചാർജ്ജ് വർദ്ധനവിന്റെ മറവിൽ വിദ്യാർത്ഥികളിൽ നിന്നും ബസുടമകൾ അന്യായമായി ചാർജ്ജ് ഈടാക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) സ്റ്റുഡന്റ് ട്രാവലിംഗ് ഫെസിലിറ്റി കമ്മിറ്റിയുടെ കീഴിൽ വരുന്ന വിഷയങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; പ്രസ്തുത കമ്മിറ്റി കൊല്ലം ജില്ലയിൽ വിളിച്ചു ചേർത്തിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>ബസ് ചാർജ്ജ് വർദ്ധനവ്</u>

469

ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബസ് ചാർജ്ജ് വർദ്ധനവിനു ശേഷം കെ.എസ്.ആർ.ടി.സി.ക്ക് പ്രതിദിനം ഉണ്ടായിട്ടുള്ള വരുമാന വർദ്ധനവ് കണക്കാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ നവംബർ 30 വരെ കെ.എസ്.ആർ.ടി.സി.ക്ക് ഉണ്ടായിട്ടുള്ള അധിക വരുമാനം എത്രയെന്ന് വെളിപ്പെടുത്തുമോ ?

## കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>ബസ്, ഓട്ടോ ചാർജ് വർദ്ധന</u>

470

ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പ്രാവശ്യം ബസ്, ഓട്ടോ, ടാക്സി നിരക്കുകൾ വർദ്ധിപ്പിക്കുകയുണ്ടായി;

(ബി) ഏതു ശുപാർശയുടെ അടിസ്ഥാനത്തിലായിരുന്നു സർക്കാർ ചാർജ് വർദ്ധിപ്പിച്ചത്;

(സി) ബസ് ചാർജ്, ഓട്ടോ ചാർജ്, ടാക്സി കാർ വാടക എന്നിവയിലുണ്ടായ വർധനവ് മൂലം പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടു കണക്കിലെടുത്ത് വർദ്ധന പിൻവലിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
# 11.12.2012-ലെ മറുപടിക്ക്

<u>കെ. എസ്. ആർ. ടി. സി. യുടെ കമ്പ്യൂട്ടർവൽക്കരണം</u>

471

ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യുടെ കമ്പ്യൂട്ടർവൽക്കരണത്തിനായി നടപ്പുസാമ്പത്തിക വർഷം എത്ര തുക നീക്കിവച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) കെ. എസ്. ആർ. ടി. സി. യിലെ ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കുവാൻ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും എത്ര ശതമാനം തുക വീതം ഏതെല്ലാം ഘടകങ്ങൾക്കു വിനിയോഗിച്ചുവെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

കെ. എസ്. ആർ. ടി. സി. യുടെ വികസനം

472

ശ്രീ. ഇ. പി. ജയരാജൻ
,, പി. കെ. ഗുരുദാസൻ
,, പുരുഷൻ കടലുണ്ടി
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബസ് യാത്രാക്കൂലി വർദ്ധിപ്പിച്ചുകൊണ്ടിരുന്നിട്ടും കെ. എസ്. ആർ. ടി. സി. യുടെ വികസനം നാൾനാക്കുനാൾ പിറകോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര തവണ ബസ് യാത്രാക്കൂലി വർദ്ധിപ്പിക്കുകയുണ്ടായി; മൊത്തം എത്ര ശതമാനം നിരക്ക് വർദ്ധനയാണ് ഫാസ്റ്റ്, സൂപ്പർഫാസ്റ്റ്, എക്സ്പ്രസ് ബസ് നിരക്കുകളിൽ വരുത്തിയത്; അതുവഴിയുണ്ടായ അധിക വരുമാനമെത്രയാണെന്ന് വിശദമാക്കാമോ;

(സി) കെ. എസ്. ആർ. ടി. സി. ഷെഡ്യൂളുകൾ വെട്ടിക്കുറച്ചുകൊണ്ടിരിക്കുന്നത് എന്തുകൊണ്ടാണ്; പുതുതായി വാങ്ങുമെന്ന് പ്രഖ്യാപിച്ച ബസ്സുകൾ എല്ലാം വാങ്ങിയിട്ടുണ്ടോ;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം കെ. എസ്. ആർ. ടി. സി. യിൽ പുതുതായി എന്തു തുക മൂലധന നിക്ഷേപം നടത്തുകയുണ്ടായി ?

# കേരള നിയമസഭ
# 11.12.2012-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. യുടെ ബസ് ഡിപ്പോകളുടെ ആധുനികവൽക്കരണം

473 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യുടെ ബസ് ഡിപ്പോകൾ ആധുനിക വൽക്കരിക്കുന്നതിനായി നടപ്പു സാമ്പത്തിക വർഷം എന്തു തുകയാണു നീക്കിവെച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തുക ഏതെല്ലാം ബസ്സ് ഡിപ്പോകളുടെ ആധുനിക വൽക്കരണത്തിനായാണ് അനുവദിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ ;

(സി) ബസ്സ് ഡിപ്പോകളുടെ ആധുനികവൽക്കരണത്തിൽ ഉൾപ്പെടുന്ന ഘടകങ്ങൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>ബസ് യാത്രക്കാരുടെ സുരക്ഷ</u>

474 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബസ് യാത്രക്കാരെ ബസ് ജീവനക്കാർ മർദ്ദിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കേസ്സുകളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദാംശം നൽകുമോ;

(സി) യാത്രക്കാരുടെ സുരക്ഷക്കായി ബസ്സ് സ്റ്റേഷനുകളിൽ പ്രത്യേക സ്ക്വാഡുകൾ (റെയിൽവേയുടേത് പോലെ) രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) എങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 11.12.2012-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി.യിൽ ഇലക്ട്രോണിക് ടിക്കറ്റ് മെഷീനുകൾ</u>

475 ശ്രീ. റോഷി അഗസ്റ്റിൻ
,, എം. വി. ശ്രേയാംസ് കുമാർ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.റ്റി.സി.യിൽ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഇലക്ട്രോണിക് ടിക്കറ്റ് മെഷീനുകൾ വാങ്ങുന്നതിന് പദ്ധതിയുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം സംവിധാനങ്ങളോടുകൂടിയ മെഷീനുകളാണ് ഇപ്രകാരം വാങ്ങാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നല്കുമോ;

(സി) ഇപ്രകാരം പുതിയ എത്ര മെഷീനുകൾ വാങ്ങുവാൻ ഉദ്ദേശിക്കുന്നു; ആയതിലേക്ക് പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണ്?

# കേരള നിയമസഭ
# 11.12.2012-ലെ മറുപടിക്ക്

ജൻറം ബസുകൾ

476 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ജൻറം' പദ്ധതി പ്രകാരം ലഭ്യമായ ബസ്സുകളിൽ എത്ര ബസ്സുകളാണ് അന്തർ ജില്ലാ റൂട്ടുകളിൽ ഓടുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര ബസ്സുകൾ ജില്ലയ്ക്കകത്ത് മാത്രം സർവ്വീസ് നടത്തുന്നു;

(സി) അന്തർജില്ലാ സർവ്വീസ് നടത്തുന്ന ബസ്സുകളിൽ നിന്നുള്ള വരുമാനം കിലോമീറ്ററിന് എത്ര രൂപയാണ്; ജില്ലയ്ക്കകത്ത് മാത്രം സർവ്വീസ് നടത്തുന്ന ബസ്സുകളിൽ നിന്നുള്ള കിലോമീറ്റർ വരുമാനം എത്ര രൂപയാണ്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>കെ. എസ്. ആർ. ടി. സി. ഷെഡ്യൂളുകൾ</u>

477 ശ്രീ. കെ. സുരേഷ്കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവരുമ്പോൾ കെ.എസ്. ആർ.ടി.സിയ്ക്ക് ഉണ്ടായിരുന്ന ഷെഡ്യൂളുകൾ എത്രയായിരുന്നു ; ഇപ്പോൾ ഇത് എത്രയായിട്ടുണ്ടെന്നു വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കെ.എസ്. ആർ.ടി.സി. യ്ക്ക് ഉണ്ടായിരുന്ന മൊത്തം ബസ്സ് എത്ര; ഇപ്പോൾ എത്ര ബസ്സുകൾ ഉണ്ട്; സ്പെയർപാർട്ട് ഇല്ലാത്തതിനാലും മറ്റുകാരണത്താലും സർവ്വീസ് നടത്താത്തത് എത്ര ;

(സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പ്രതിദിനം മൊത്തം എത്ര കിലോമീറ്റർ ദൂരം ബസ്സ് സർവ്വീസ് നടത്തിയിട്ടുണ്ടായിരുന്നു; ഇപ്പോൾ എത്ര കിലോമീറ്റർ സർവ്വീസ് നടത്തുന്നുണ്ട്;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ. എസ്.ആർ.ടി.സി എത്ര തവണ ബസ്സ് ചാർജ്ജ് വർദ്ധിപ്പിക്കുകയുണ്ടായി ;

(ഇ) അധികാരത്തിൽ വരുമ്പോൾ ഈ സർക്കാർ പ്രഖ്യാപിച്ച വർഷത്തിൽ ആയിരം ബസ് പുതുതായി വാങ്ങുകയുണ്ടായോ; ഇതിനകം എത്ര പുതിയ ബസ്സുകൾ വാങ്ങി ; വിശദമാക്കുമോ ?

## കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

ലോഫ്ളോർ ബസ്സ് സർവ്വീസ്

478 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യുടെ കീഴിൽ കൂടുതൽ ലോഫ്ളോർ ബസ്സുകൾ സർവ്വീസ് നടത്തുന്നതിന് പദ്ധതിയുണ്ടോ;

(ബി) ഇപ്പോൾ ഇവയുടെ സേവനം ലഭ്യമാക്കാത്ത മറ്റ് ജില്ലകളിലേക്ക് അനുവദിക്കുമോ;

(സി) എത്ര ലോഫ്ളോർ ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്;

(ഡി) ഇവ ഏതെല്ലാം ജില്ലകളിൽ എത്ര വീതം അനുവദിച്ചു;

(ഇ) ഓരോ ഡിപ്പോകളിലേക്കും അനുവദിച്ച ലോഫ്ളോർ ബസ്സുകളുടെ എണ്ണം ഡിപ്പോ തിരിച്ച് വ്യക്തമാക്കാമോ;

(എഫ്) ലോഫ്ളോർ ബസ്സുകൾ ഉപയോഗിച്ച് ദീർഘദൂര സർവ്വീസ് ആരംഭിച്ചതിനാൽ ഈ വാഹനങ്ങളുടെ സേവനം ഏതെല്ലാം ജില്ലകൾക്ക് ലഭ്യമാകുന്നുണ്ടെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നം</u>

479 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നം പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) കെ.എസ്. ആർ.ടി. സി. ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് സൗജന്യ നിരക്കിൽ യാത്ര ചെയ്യുന്നതിന് കൂടുതൽ സംവിധാനം ഏർപ്പെടുത്തുമോ ;

(സി) വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നം പരിഹരിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ഒരു കമ്മീഷനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 11.12.2012-ലെ മറുപടിക്ക്

<u>ഫെയര്‍ സ്റ്റേജിലെ അപാകതകള്‍</u>

480 ശ്രീ. പി. കെ. ബഷീര്‍

താഴെ കാണുന്ന ചോദ്യത്തിന്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

സംസ്ഥാനത്ത് ബസ് ചാര്‍ജ്ജ് കാലാനുസൃതമായി വര്‍ദ്ധിപ്പിക്കുന്നുണ്ടെങ്കിലും ഫെയര്‍ സ്റ്റേജുകള്‍ നിശ്ചയിക്കുന്നതില്‍ അപാകതകള്‍ ഉണ്ടെന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>തൊട്ടിൽപാലം വടകര ചെയിൻ സർവ്വീസ്</u>

481 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊട്ടിൽപാലം-വടകര ചെയിൻ സർവ്വീസ് ഇതുവരെയും ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൊട്ടിൽപാലം ഡിപ്പോയ്ക്ക് പുതുതായി അനുവദിച്ച ബസ്സുകൾ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ;

(സി) അവിടെ ഡീസൽ പമ്പ് തുടങ്ങാനുള്ള നടപടി ഏതുവരെ ആയെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയുടെ അടിസ്ഥാന സൗകര്യ വികസനം</u>

482 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് അപേക്ഷ ലഭിച്ചിരുന്നുവോ;

(ബി) ജീവനക്കാരുടെ പ്രാഥമിക ആവശ്യങ്ങൾപോലും നിറവേറ്റുവാൻ സാഹചര്യമില്ലാത്ത അവസ്ഥയിൽ എന്ത് നടപടികളാണ് ഈ അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുളളത്;

(സി) യാഥാർത്ഥ്യങ്ങൾ ബോദ്ധ്യപ്പെട്ട്, പ്രസ്തുത കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ സന്നദ്ധമാകുമോ ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>ശാസ്താംകോട്ട ബസ് ഡിപ്പോ</u>

483 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുന്നത്തൂർ താലൂക്കിലെ ശാസ്താംകോട്ടയിൽ അനുവദിച്ച കെ.എസ്.ആർ.ടി.സി ബസ് ഡിപ്പോയുടെ നിർമ്മാണ പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആർക്കാണ് ടെണ്ടർ നൽകിയിരിക്കുന്നത്;

(സി) ഈ ഡിപ്പോയ്ക്കായി അനുവദിച്ചിട്ടുള്ള തുകയുടെ കണക്ക് ലഭ്യമാക്കുമോ;

(ഡി) ഈ ഡിപ്പോയോട് അനുബന്ധിച്ച് വർക്ക്ഷോപ്പ് നിർമ്മിക്കുന്നതിന് ദൂരപരിധി ബാധകമാണോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

കുട്ടനാട്ടിലെ കെ.എസ്.ആർ.ടി.സി. റൂട്ടുകളുടെ ദേശസാൽക്കരണം

484 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ കെ.എസ്.ആർ.ടി.സി. റൂട്ടുകൾ ദേശസാത്ക്കരിച്ചിരിക്കുന്നതിനാൽ ആലപ്പുഴയിൽ നിന്നും ചങ്ങനാശ്ശേരിയിൽ നിന്നും ചമ്പക്കുളം വരെയുളള ബസ്സ് സർവ്വീസ് തായങ്കരി വഴി എടത്വാ വരെ നീട്ടുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) കൈനകരി-കോലത്ത് ജെട്ടിവരെയുളള ബസ്സ് സർവ്വീസ് പൂപ്പളളി വഴി ചങ്ങനാശ്ശേരി വരെ നീട്ടുന്നതിന് സമർപ്പിച്ചിട്ടുളള അപേക്ഷയിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) രാമങ്കരിയിൽ നിന്നും വണ്ടാനം മെഡിക്കൽ കോളേജിലേക്കും ചങ്ങനാശ്ശേരിയിൽ നിന്നും കായൽപ്പുറം പളളിയിലേക്കും ഊരുക്കരിയിലേക്കുമുളള ബസ്സ് സർവ്വീസുകൾക്ക് ഫീസിബിലിറ്റി തയ്യാറായ സാഹചര്യത്തിൽ പുതിയ ബസ്സ് അനുവദിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

തലപ്പാടിയിൽ കെ.എസ്.ആർ.റ്റി.സി ഡിപ്പോ ആരംഭിക്കൽ

485 ശ്രീ. പി.ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള-കർണ്ണാടക അതിർത്തിയായ തലപ്പാടിയിൽ കെ.എസ്.ആർ.റ്റി.സി ഡിപ്പോ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) ഡിപ്പോ ആരംഭിക്കുന്നതിന് തലപ്പാടി അനുയോജ്യമായ സ്ഥലമാണോ എന്ന് പരിശോധിക്കുന്നതിന് നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>മലപ്പുറം കെ.എസ്.ആർ.റ്റി.സി ബസ്സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം</u>

486 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കെ.എസ്.ആർ.റ്റി.സി ബസ്സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം ഇപ്പോൾ എത് ഘട്ടത്തിലാണ് ;

(ബി) പുതുക്കിയ പ്ലാനും എസ്റ്റിമേറ്റും അനുസരിച്ച് എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തിയ്ക്ക് എന്ത് തുകയാണ് വകകൊള്ളിച്ചിട്ടുള്ളത് ; നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ, കിളിമാനൂർ കെ.എസ്.ആർ.ടി.സി ഡിപ്പോകളിൽ നിന്നും സർവ്വീസ് നടത്തുന്ന രാജധാനി ബസുകൾ</u>

487 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ, കിളിമാനൂർ കെ.എസ്.ആർ.ടി.സി ഡിപ്പോകളിൽ നിന്നും സർവ്വീസ് നടത്തുന്ന രാജധാനി ബസുകൾ ഇടയ്ക്കിടെ സർവ്വീസുകൾ നടത്താതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ബസുകൾ പിൻവലിക്കാനുണ്ടായ കാരണം വ്യക്തമാക്കുമോ ;

(സി) ഇതുമൂലം പ്രസ്തുത പ്രദേശങ്ങളിലെ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**11.12.2012-ലെ മറുപടിക്ക്**

<u>കൊട്ടാരക്കര ഡിപ്പോയിലേക്ക് അനുവദിച്ച പുതിയ ബസുകൾ</u>

488 ശ്രീമതി. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 മാർച്ച് മാസം മുതൽ നവംബർ മാസംവരെ കെ.എസ്.ആർ.ടി.സി. കൊട്ടാരക്കര ഡിപ്പോയിലേക്ക് പുതിയ ബസുകൾ അനുവദിച്ചിട്ടുണ്ടോ; അവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കാലയളവിൽ ഡിപ്പോയിൽ നിന്നും പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിന് സ്ഥലം എം.എൽ.എ. നൽകിയ കത്തുകളിൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ;

(സി) ഡിപ്പോയിൽ പ്രതിദിനം എത്ര ഷെഡ്യൂളുകൾ റദ്ദാക്കപ്പെടുന്നുണ്ട്; അതിന്റെ കാരണങ്ങൾ എന്തെല്ലാമാണ്; വ്യക്ത
മാക്കുമോ ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.റ്റി.സി. ചേർത്തല ഡിപ്പോയിൽ നിലവിലുള്ള ഷെഡ്യൂളുകൾ മുടങ്ങുന്ന നടപടി</u>

489 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.റ്റി.സി. ചേർത്തല ഡിപ്പോയിൽ നിലവിലുള്ള ഷെഡ്യൂളുകൾ പലതും ബസ്സുകളുടെ അഭാവത്താൽ മുടങ്ങുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; നിരവധി തവണ ബസ്സുകൾ അനുവദിക്കണമെന്ന ആവശ്യമുന്നയിച്ചിട്ടും ചേർത്തല ഡിപ്പോയ്ക്ക് ബസ്സുകൾ അനുവദിക്കാത്തത് എന്തുകൊണ്ടാണെന്നു വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള ഷെഡ്യൂളുകൾ പൂർണ്ണമായും ഓപ്പറേറ്റ് ചെയ്യുന്നതിനുവേണ്ടി മതിയായ ബസ്സുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

മാങ്കൊമ്പ് ദേവീ ക്ഷേത്രത്തിൽ നിന്നും ശബരിമലയ്ക്ക് ഉള്ള ബസ് സർവ്വീസുകൾ

490 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണ്ഡലകാലത്ത് മങ്കൊമ്പ് ദേവീ ക്ഷേത്രത്തിൽ നിന്നും ശബരിമലയ്ക്ക് നാളിതുവരെ ബസ് സർവ്വീസ് ആരംഭിക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) മണ്ഡലകാലതത് കുട്ടനാട്ടിലെ ഏതെല്ലാം ബസ് സർവ്വീസുകളാണ് താത്ക്കാലികമായി റദ്ദാക്കിയത് എന്ന് വിശദമാക്കുമോ;

(സി) 12.11.2012 ലെ ടി.ആർ 3-001403/2012 മെമ്മോറാണ്ടം പ്രകാരം ചീഫ് ട്രാഫിക് മാനേജർ ചങ്ങനാശ്ശേരി എ.റ്റി.ഒയ്ക്ക് മങ്കൊമ്പിൽ നിന്നും ശബരിമലയ്ക്ക് സ്പെഷ്യൽ സർവ്വീസ് നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടും നാളിതുവരെ സർവ്വീസ് ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(ഡി) ബഹു: മന്ത്രിയുടെയും കെ.എസ്.ആർ.ടി.സി എം.ഡിയുടെയും ഉത്തരവുകൾ പാലിക്കാത്ത ചങ്ങനാശ്ശേരി യൂണിറ്റധികാരിക്കെതിരെ വകുപ്പുതലത്തിൽ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>ലോ ഫ്ളോർ ബസ്സ് സർവ്വീസുകൾ ചാലക്കുടിവരെ നീട്ടുന്നത്</u>

491 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കൊരട്ടി ഇൻഫോ പാർക്ക്, കിൻഫ്ര, വൈഗൈത്രഡ്സ്, നിറ്റാജലാറ്റിൻ, കാർബോറാണ്ടം യൂണിവേഴ്സൽ തുടങ്ങിയ വ്യവസായ സ്ഥാപനങ്ങളിലേയും, അതിരപ്പള്ളി ടൂറിസം മേഖലയിലേയും നൂറ് കണക്കിന് യാത്രക്കാർക്ക് സൗകര്യ മാകുന്ന തരത്തിൽ എറണാകുളത്തുനിന്നും അങ്കമാലിയിലേക്ക് നിലവിൽ സർവ്വീസ് നടത്തിവരുന്ന ലോഃഫ്ളോർ ബസ്സുകളുടെ സർവ്വീസ് ചാലക്കുടിവരെ നീട്ടുന്നതിന് നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**11.12.2012-ലെ മറുപടിക്ക്**

<u>ചാലക്കുടി - പമ്പ സ്പെഷ്യൽ ബസ് സർവ്വീസ്</u>

492 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ധാരാളം അയ്യപ്പഭക്തർ യാത്രചെയ്യുന്ന ചാലക്കുടി സ്റ്റാൻഡിൽ നിന്നും പമ്പയിലേക്ക് ശബരിമല സ്പെഷ്യൽ കെ.എസ്.ആർ.ടി.സി.ബസ്സുകൾ സർവ്വീസ് നടത്തുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>എറണാകുളം ജെട്ടിയിൽ നിന്ന് കണ്ടെയ്നർ റോഡുവഴി ഗുരുവായൂർ വരെയുള്ള കെ.എസ്.ആർ.ടി. സർവ്വീസുകൾ</u>

493 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജെട്ടിയിൽ നിന്നും കണ്ടെയ്നർ റോഡു വഴി ഗുരുവായൂർവരെ പ്രതിദിനം കെ.എസ്.ആർ. ടി.സി എത്ര സർവ്വീസുകളാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ; ഈ യാത്രയ്ക്ക് കെ.എസ്.ആർ.ടി.സി നിർണ്ണയിച്ചിരിക്കുന്ന സമയദൈർഘ്യം എത്രയാണെന്നും, ദൂരമെത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) വൈപ്പിൻ ദ്വീപ് ഹൈവേ വഴി എത്ര ദീർഘദൂര സർവ്വീസുകൾ നടത്തുന്നുവെന്ന് വ്യക്മാക്കാമോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദ്വീപുനിവാസികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിന് പുതിയതായി ആരംഭിച്ച സർവ്വീസുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; ദ്വീപിൽ നിന്നും സമീപ ജില്ലകളിലേക്ക് തൊഴിലിനായി പോകുന്നവരുടെ സൗകര്യാർത്ഥം കൂടുതൽ അന്തർ ജില്ലാ സർവ്വീസുകൾ നടത്തുവാൻ സർക്കാർ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി ബസുകൾ അനുവദിക്കൽ

494 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിലേക്ക് എത്ര പുതിയ കെ.എസ്. ആർ.ടി.സി ബസുകൾ നൽകിയിട്ടുണ്ട്;

(ബി) ഇവിടെ ഉപയോഗത്തിലിരുന്ന എത്ര ബസുകൾ പ്രവർത്തനക്ഷമമല്ലാത്തതിനാൽ പിൻവലിച്ചിട്ടുണ്ട്;

(സി) ജില്ലയിലെ യാത്രാ ക്ലേശം പരിഹരിക്കാൻ എന്നത്തേയ്ക്ക് കൂടുതൽ ബസ്സുകൾ അനുവദിക്കാനാവുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 11.12.2012-ലെ മറുപടിക്ക്

കൊട്ടാരക്കര - കുനമ്പായിക്കുളം -കൊല്ലം സർവ്വീസ്

495 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നിയമസഭ സമ്മേളന കാലയളവിൽ കുണ്ടറ എം.എൽ.എ.യുടെ നിർദ്ദേശ പ്രകാരം ഗതാഗത വകുപ്പു മന്ത്രി അനുവദിച്ച കൊട്ടാരക്കര-പെരുംമ്പുഴ-ഞെട്ടയിൽ-കൂനമ്പായിക്കുളം- കൊല്ലം റൂട്ടിൽ ഒരു ഷെഡ്യൂൾ ഇതുവരെയും ആരംഭിച്ചിട്ടില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഷെഡ്യൂൾ ആരംഭിക്കാത്തതിനുള്ള കാരണം എന്തെന്ന് വ്യക്തമാക്കുമോ ; ഷെഡ്യൂൾ ആരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ;

(സി) വകുപ്പുമന്ത്രിയുടെ ഉത്തരവ് നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>സ്വകാര്യ ബസ്സുകൾക്ക് സൂപ്പർ ഫാസ്റ്റ് പെർമിറ്റ്</u>

496 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൂടുതൽ സ്വകാര്യ ബസ്സുകൾ ലിമിറ്റഡ് സ്റ്റോപ്പ്/സൂപ്പർ ഫാസ്റ്റുകളായി മാറുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സൂപ്പർ ഫാസ്റ്റ് ബസ്സുകൾക്ക് പെർമിറ്റ് അനുവദിക്കുന്നതിന് നിലവിലുള്ള നിബന്ധനകൾ എന്തെല്ലാമാണ് ;

(സി) ഈ നിബന്ധനകൾ പാലിച്ചാണോ സൂപ്പർ ഫാസ്റ്റ് ബസ്സുകൾക്ക് പെർമിറ്റ് നൽകിയത് എന്ന് പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) വിദ്യാർത്ഥികൾക്ക് സ്വകാര്യ സൂപ്പർ ഫാസ്റ്റ് ബസ്സുകളിലും യാത്രാനിരക്കിൽ ഇളവ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**11.12.2012-ലെ മറുപടിക്ക്**

ബസ്സ് സർവ്വീസുകൾ

497 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കണ്ണൂർ ജില്ലയിൽ കെ.എസ്.ആർ.ടി.സി. പുതുതായി ഏതെല്ലാം റൂട്ടുകളിലാണ് ബസ്സ് സർവ്വീസ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാലയളവിൽ കണ്ണൂർ ജില്ലയിലെ വിവിധ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലേക്ക് എത്ര പുതിയ ബസ്സുകൾ അനുവദിച്ചു നൽകുകയുണ്ടായെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>പുതിയ കെ.എസ്.ആർ.ടി.സി. ബസ്</u>

498 ശ്രീ. റ്റി.വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശ്രീ. തിരുവർക്കാട്ടുകാവിൽ (മാടായിക്കാവ്) കർണ്ണാടകത്തിൽ നിന്നും ധാരാളം ഭക്തജനങ്ങൾ എത്തിച്ചേരുന്നതിനാൽ കേരളാതിർത്തിയായ തലപ്പാടിയിൽ നിന്നും കൂട്ടുപുഴയിൽ നിന്നും കെ.എസ്.ആർ.ടി.സി. ബസ് അനുവദിക്കണമെന്ന നിവേദനത്തിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) മാടായിക്കാവിലേയ്ക്ക് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് അനുവദിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>വേണാട് സർവ്വീസിന് കുളപ്പാടത്ത് സ്റ്റോപ്പ് അനുവദിച്ച നടപടി</u>

499 ശ്രീ. എം.എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നിയമസഭാ സമ്മേളന കാലയളവിൽ കുണ്ടറ എം.എൽ.എ. യുടെ അഭ്യർത്ഥന പ്രകാരം വേണാട് സർവ്വീസിന് കുളപ്പാടത്ത് സ്റ്റോപ്പ് അനുവദിച്ചു കൊണ്ട് ഗതാഗത വകുപ്പു മന്ത്രി നൽകിയ ഉത്തരവ് ഇതുവരെയും നടപ്പിലാക്കിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉത്തരവ് നടപ്പാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കു
മോ ;

(സി) മന്ത്രിയുടെ ഉത്തരവ് നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>ഫ്ളൈഓവറിന് താഴെ സർവ്വീസ് റോഡുകളിൽകൂടി ബസ്സ് സർവ്വീസ് നടത്തുന്നതിന് നടപടി</u>

500 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച്.47-ൽ, കൊടകര, പോട്ട, മുരിങ്ങൂർ ഡിവൈൻ എന്നീ സ്ഥലങ്ങളിലെ ഫ്ളൈ ഓവറിന് മുകളിൽക്കൂടി മാത്രം കെ. എസ്.ആർ.ടി.സി. ബസ്സുകൾ സർവ്വീസ് നടത്തുന്നത് മൂലം പ്രധാന സ്റ്റോപ്പിൽ ബസ്സുകൾ നിറുത്തുവാൻ സാധിക്കാത്തതുമൂലം സ്ത്രീകളും കുട്ടികളും വൃദ്ധരുമായ യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് ഫ്ളൈ ഓവറിന് താഴെ സർവ്വീസ് റോഡുകളിൽ കൂടി മാത്രം ബസ്സുകൾ സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 11.12.2012-ലെ മറുപടിക്ക്

പുതിയ കെ.എസ്.ആർ.ടി.സി. സർവ്വീസ്

501 ശ്രീ. വി.ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ അടിപ്പെരണ്ടയിൽ നിന്നും കോയമ്പത്തൂരിലേക്ക് കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസ് ഇല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയൂർ, നെന്മാറ, എലവഞ്ചേരി, കൊല്ലങ്കോട് എന്നീ പഞ്ചായത്തുകളിൽ നിന്നുള്ള യാത്രക്കാർക്ക് കോയമ്പത്തൂരിലേക്ക് പോകുന്നതിനായി അടിപ്പെരണ്ടയിൽ നിന്നും പുതിയ കെ.എസ്.ആർ.ടി.സി. സർവ്വീസ് തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷൻ റിപ്പോർട്ട്

502 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ ഏതെല്ലാം ശുപാർശകളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(സി) ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ്, എക്സ്പ്രസ്സ് ബസ്സുകൾക്ക് നിലവിലുള്ള നിരക്കിൽ നിന്നും എത്ര രൂപയുടെ വർദ്ധനയാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) പ്രസ്തുത നിരക്കുവർദ്ധനവിൽ നിന്നും ഏതെല്ലാം വിഭാഗത്തെയാണ് ഒഴിവാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>ക്യാൻസർ രോഗികൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സിൽ സൗജന്യ യാത്ര</u>

503 ശ്രീമതി. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്യാൻസർ രോഗികൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സിൽ സൗജന്യയാത്ര അനുവദിച്ചുകൊണ്ടുളള ഉത്തരവ് ഇറങ്ങിയത് എന്നാണ്;

(ബി) പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഉത്തരവ് ഉണ്ടായിട്ടും ക്യാൻസർ രോഗികൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സിൽ സൗജന്യയാത്ര ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത ഉത്തരവ് പ്രകാരമുളള സൗജന്യ യാത്ര ഉറപ്പുവരുത്താൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി. റിസർവ്വ് കണ്ടക്ടർ തസ്തിക</u>

504 ശ്രീമതി. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യിൽ റിസർവ്വ് കണ്ടക്ടർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളാണുള്ളത് ;

(ബി) പ്രസ്തുത ഒഴിവുകളെല്ലാം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(സി) പ്രസ്തുത തസ്തികയിലേയ്ക്ക് പി.എസ്.സി. നടത്തിയ പരീക്ഷയുടെ റാങ്ക് ലിസ്റ്റ് എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 11.12.2012-ലെ മറുപടിക്ക്

കെ. എസ്. ആർ. ടി. സി യിലെ താൽക്കാലിക ജീവനക്കാരുടെ നിയമനം

505 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി യിൽ താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ തയ്യാറാക്കിയ ലിസ്റ്റിൽ അനർഹരായവർ കടന്നു കൂടിയതിനെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അനർഹരെ ലിസ്റ്റിൽ നിന്ന് ഒഴിവാക്കി അർഹരായവരെ സ്ഥിരപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) സ്ഥിരപ്പെടുത്താൻ അർഹരായവർ എത്രയാണെന്നും നിയമന മാനദണ്ഡം എന്താണെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം</u>

506 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആർ.ടി. ഓഫീസുകളുടെ പ്രവർത്തനം ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാൽ കാര്യക്ഷമമല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) മോട്ടോർ വാഹന വകുപ്പ് വഴി സർക്കാരിന് ലഭ്യമാവുന്ന വരുമാനത്തിൽ ഗണ്യമായ കുറവു വന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; 2006 മുതൽ വാർഷികാടിസ്ഥാനത്തിലുള്ള വരുമാനം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

മോട്ടോർവാഹനവകുപ്പിൽ എൻഫോഴ്സ്മെന്റ് വിഭാഗം

507 ശ്രീ. സണ്ണി ജോസഫ്
,, എം.എ. വാഹീദ്
,, പി.എ. മാധവൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹനവകുപ്പിൽ എൻഫോഴ്സ്മെന്റ് വിഭാഗം രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ വിഭാഗത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനവും എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് എവിടെയാക്കെ ഈ വിഭാഗം പ്രവർത്തിക്കുന്നുണ്ട്;

(ഡി) ഈ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾക്ക് ആരുടെയൊക്കെ സഹായം പ്രയോജനപ്പെടുത്തുന്നുണ്ട്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>ഔദ്യോഗിക വാഹനങ്ങളിൽ ബോർഡ് പ്രദർശിപ്പിക്കൽ</u>

508 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ ഔദ്യോഗിക വാഹനങ്ങളിൽ, ഉദ്യോഗസ്ഥന്റെ പദവിയും സ്ഥാപനത്തിന്റെ പേരും രേഖപ്പെടുത്തിയ ബോർഡ് പ്രദർശിപ്പിക്കുന്നതിന് മാനദണ്ഡങ്ങളും വ്യവസ്ഥകളും നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ;

(ബി) നിശ്ചിത മാനദണ്ഡങ്ങളും വ്യവസ്ഥകളും ലംഘിച്ച് ബോർഡുകൾ പ്രദർശിപ്പിക്കുന്നവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാറുള്ളത്; ആരുടെ പേരിലാണ് നടപടിയെടുക്കാറുള്ളത്;

(സി) 2012-ൽ ഇത്തരം നിയമ ലംഘനത്തിന്റെ പേരിൽ എത്ര വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; അതു സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>ബീക്കൺ ലൈറ്റുകൾ</u>

509 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ വാഹനങ്ങൾക്കു മുകളിൽ ചുവപ്പ്, നീല എന്നീ നിറങ്ങളിലെ ലൈറ്റുകൾ വയ്ക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കുമോ;

(ബി) ഏറ്റവും ഒടുവിൽ അത്തരത്തിൽ ലൈറ്റുവയ്ക്കാൻ അനുമതി നൽകിയതെന്നാണ്; ആർക്കൊക്കെയാണ് അനുമതി നല്കിയത്;

(സി) ഇത്തരം ലൈറ്റ് വച്ച വാഹനങ്ങൾക്ക് റോഡ് ഗതാഗത നിയമങ്ങൾ ലംഘിക്കാൻ അവകാശം നല്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അത്തരം ലൈറ്റ് വച്ച വാഹനങ്ങൾക്ക് റോഡിൽ പ്രത്യകമായ എന്തു പരിഗണനയാണ് ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ;

(ഡി) സ്വകാര്യ വാഹനങ്ങൾ നിയമം ലംഘിച്ചുകൊണ്ട് ചുവപ്പ് ലൈറ്റും, സർക്കാരിന്റേതെന്നു തോന്നിപ്പിക്കുന്നതരത്തിലുള്ള ബോർഡും പ്രദർശിപ്പിച്ച് ഓടിക്കുന്നതിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര വാഹന ഉടമകളുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>മോട്ടോർ വാഹനങ്ങളിൽ കറുത്ത ഗ്ലാസ്, കർട്ടൻ എന്നിവ ഉപയോഗിക്കുന്നതിനെതിരെ നടപടി</u>

510 ശ്രീ. കെ.എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹനങ്ങളിലെ വശങ്ങളിൽ കറുത്ത ഗ്ലാസ്, കർട്ടൻ എന്നിവ ഉപയോഗിയ്ക്കുന്നതിനെതിരെ എന്തൊക്കെ നടപടികളാണ് മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ശിക്ഷാ നടപടികളുടെ ഭാഗമായി വാഹന ഉടമകളിൽ നിന്നും പിഴ ഈടാക്കാറുണ്ടോ ; എങ്കിൽ ബഹു: സുപ്രീം കോടതി ഉത്തരവിനുശേഷം എന്തു തുക ഈ ഇനത്തിൽ ലഭിച്ചിട്ടുണ്ട് ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>റോഡ് സുരക്ഷാ അതോറിറ്റി</u>

511 ശ്രീമതി. പി. അയിഷാപോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡ് സുരക്ഷാ അതോറിറ്റിയുടെ പക്കൽ നിലവിലുള്ള തുക എത്രയാണ് ;

(ബി) അതോറിറ്റി 2011-2012 വർഷം ചെലവഴിച്ച തുക എത്രയാണ്;

(സി) പ്രധാനമായും എന്തെല്ലാം പ്രവർത്തനങ്ങൾക്കാണ് പ്രസ്തുത തുക വിനിയോഗിക്കപ്പെട്ടതെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്ത് റോഡപകടങ്ങളിൽ എത്ര പേർ മരണപ്പെട്ടു;

(ഇ) 2012 ഏപ്രിൽ മുതൽ നവംബർ വരെ റോഡപകടങ്ങളിൽ മരണപ്പെട്ടവർ എത്രയാണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 11.12.2012-ലെ മറുപടിക്ക്

വാഹനങ്ങളുടെ വ്യാജ രജിസ്ട്രേഷൻ

512 ശ്രീ. റ്റി.എ. അഹമ്മദ് കബീർ
'' പി.കെ. ബഷീർ
'' സി. മമ്മൂട്ടി
'' പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യാജരജിസ്ട്രേഷനോടെയും രജിസ്ട്രേഷനില്ലാതെയും നിരവധി വാഹനങ്ങൾ നിരത്തിലോടുന്നകാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) അക്രമസംഭവങ്ങൾ, സ്പിരിറ്റ് കടത്ത്, മോഷണം തുടങ്ങിയവയ്ക്കെല്ലാം ഇത്തരം വാഹനങ്ങളാണ് ഉപയോഗപ്പെടുത്തുന്നതെന്നകാര്യം പരിഗണിക്കപ്പെട്ടിട്ടുണ്ടോ;

(സി) വ്യാജ വാഹനങ്ങൾ കണ്ടെത്തുന്നതിനും, നിയമാനുസൃത രജിസ്ട്രേഷൻ, ടെസ്റ്റിംഗ് എന്നിവയില്ലാത്ത വാഹനങ്ങൾ നിരത്തിൽ ഓടുന്നില്ലെന്ന് ഉറപ്പുവരുത്താനും എന്തു സംവിധാനമാണ് നിലവിലുള്ളത്;

(ഡി) ഇക്കാര്യത്തിൽ ആധുനിക മൈക്രോചിപ്പ്, കമ്പ്യൂട്ടർ നെറ്റ് വർക്ക് സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>സ്കൂൾ ബസ് ഡ്രൈവർമാർക്ക് ബോധവൽക്കരണ - പരിശീലന ക്യാമ്പുകൾ</u>

513 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ബസ് ഡ്രൈവർമാർക്ക് മോട്ടോർ വാഹന വകുപ്പ് ബോധവൽക്കരണ - പരിശീലന ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത ക്യാമ്പുകളിൽ പങ്കെടുത്ത് സർട്ടിഫിക്കറ്റ് കരസ്ഥമാക്കാത്ത ഡ്രൈവർമാർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദവിവരം നൽകാമോ ;

(സി) ഈ അദ്ധ്യയന വർഷത്തിൽ അപകടത്തിൽപ്പെട്ട സ്കൂൾ ബസ്സിന്റെ ഡ്രൈവർമാരിൽ ആരെങ്കിലും പ്രസ്തുത ക്യാമ്പിൽ പരിശീലനം നേടിയിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>മോട്ടോർ വാഹന വകുപ്പിലെ ടാക്സ് ഫീസ് ടാർജറ്റ്</u>

514 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ ടാക്സ് ഫീസ് ഇനത്തിൽ ടാർജറ്റ് നിശ്ചയിക്കാറുണ്ടോ; എങ്കിൽ എത്രയാണ് ;

(ബി) മോട്ടോർ വാഹനവകുപ്പിൽ ആവശ്യത്തിന് ജീവനക്കാർ ഇല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ
ജോയിന്റ് ആർ.ടി.ഓഫീസ്

515 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ മോട്ടോർവാഹന വകുപ്പിന്റെ കീഴിൽ എത്ര ജോയിന്റ് ആർ.ടി. ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട് ; ഇതിൽ ഈ സർക്കാർ അധികാരത്തിൽവന്നശേഷം എത്ര ഓഫീസുകളാണ് അനുവദിച്ചിട്ടുള്ളത്; ആയത് എവിടെയൊക്കെ ആണ്; വിശദമാക്കുമോ;

(ബി) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ചാത്തന്നൂർ കേന്ദ്രീകരിച്ച് ജോയിന്റ് ആർ.ടി. ഓഫീസ് ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിരുന്നുവോ;

(സി) പ്രസ്തുത അപേക്ഷയിന്മേൽ അന്വേഷണം നടത്തി ആവശ്യം ന്യായീകരിക്കത്തക്കതാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ചാത്തന്നൂർ കേന്ദ്രീകരിച്ച് പ്രസ്തുത ഓഫീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>ജലഗതാഗത വകുപ്പിന്റെ പ്രവർത്തനങ്ങൾ</u>

516 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലഗതാഗത വകുപ്പിന്റെ പ്രവർത്തനങ്ങളിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വകുപ്പിന്റെ പ്രവർത്തനങ്ങൾ പഠിക്കാൻ നിയോഗിച്ച നാറ്റ് പാക് സംഘം സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ഡി) പഠന റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>ജലഗതാഗതവകുപ്പിലെ ഷെഡ്യൂളുകൾ</u>

517 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ജലഗതാഗതവകുപ്പിൽ എത്ര ഷെഡ്യൂളുകളാണ് ഉണ്ടായിരുന്നതെന്ന് അറിയിക്കുമോ;

(ബി) ഇപ്പോൾ എത്ര ഷെഡ്യൂൾ പ്രതിദിനം നടത്തപ്പെടുന്നുണ്ട്;

(സി) ഇതിനായി നിലവിൽ എത്ര ബോട്ടുകളാണ് ഉണ്ടായിരുന്നത്; ഇപ്പോൾ എത്ര എണ്ണം ഷെഡ്യൂൾ നടത്തുന്നുണ്ട്;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര പുതിയ സർവ്വീസുകൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്; അതിനായി എത്ര പുതിയ ബോട്ടുകൾ വാങ്ങിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.12.2012-ലെ മറുപടിക്ക്

<u>ജലഗതാഗത സർവ്വീസ് ടിക്കറ്റ് നിരക്ക്</u>

518 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജലഗതാഗത സർവ്വീസിന്റെ ടിക്കറ്റ് നിരക്ക് എന്നാണ് പുതുക്കി നിശ്ചയിച്ചതെന്ന് അറിയിക്കുമോ;

(ബി) ടിക്കറ്റ് നിരക്ക് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ?